# ചിരിയും ചിന്തയും

ഡിജിറ്റൽ മാഗസിൻ

എൽ. എഫ്. എച്ച്. എസ്
കാഞ്ഞിരമറ്റം



കവിത

# •മായാത്ത കാലം



കിഴക്കിൻ നക്ഷത്രം തിളങ്ങി വന്നു
പുഷ്പങ്ങൾക്കെല്ലാം പ്രകാശമായി
നൽപോലുള്ള മഞ്ഞുതുള്ളി
പുല്ലിൻ പരപ്പിൽ തിളങ്ങി നിന്നു...

പൂങ്കാവനത്തിലെ പൂക്കളാകെ
പൂന്തേൻ നിറഞ്ഞു തുളുമ്പി നിന്നു;
പൂമ്പാറ്റക്കുഞ്ഞുങ്ങൾ പാറിയെത്തി
പൂന്തേൻ നുകർന്നു രസിച്ചു നിന്നു.

വണ്ടുകൾ മണ്ടക്കം മൂളി വന്നു...
വന്നെത്തിയല്ലോ വസന്തകാലം ;
മലരിൻ സുഗന്ധം പരത്തിക്കൊണ്ട്,
മെല്ലെക്കുളിർകാറ്റ് വീശി നിന്നു....

കുട്ടികളെല്ലാം ഓടിയെത്തി...
പൂന്തോപ്പ് കണ്ടു രസിച്ചു നിന്നു;
പല്ലവം പോലുള്ള പൂക്കളെല്ലാം
പൂങ്കാവനത്തിൽ വിടർന്നു നിന്നു.....

കുഞ്ഞിക്കിളികൾ കുണുങ്ങിയെത്തി
ചില്ലകൾ തോറും ചേക്കേറിക്കൊണ്ട് `.......
കുയിലിൻ്റെ നാദം മുഴങ്ങിനിന്നു
ചിരിയുമായ് കുട്ടികൾ കേട്ടു നിന്നു........

കുഞ്ഞിക്കിളി തൻ്റെ ഹൃത്തകത്തിൽ
മായാത്ത കാലം വസന്തകാലം...........
`കാലങ്ങളെല്ലാം മാറിയാലും
മനസ്സിലീക്കാലം മായില്ലല്ലോ.

ജൂഡിറ്റ് ജൂബി
VII A

# കരയും കടലും

അനശ്വര ഗാനം കേൾക്കുമ്പോൾ
സുഖനിദ്രയിലാകും കരയോരം
ചിലമ്പൊലി കേട്ടങ്ങ് ഉണരുമ്പോൾ
വാരിപ്പുണരും പവനൻ
കാറ്റും കാറും മത്സരയോട്ടം
ഉണ്ണിക്കുട്ടന് തേരോട്ടം
കരിയില പാറി രസിക്കുമ്പോൾ
തണൽമരം ആകെ ഉലയുന്നു
പുഷ്പം സ്വയമേ വിടരുന്നു
വെള്ളിവെളിച്ചം കാണുമ്പോൾ
അറിയാതങ്ങനെ കൊഴിയുന്നു
ചെടിതൻ കീഴിൽ അഴുകുന്നു
മണ്ണായി വളമായി അഴുകുന്നു.
മരമായി വളരാൻ വെമ്പുന്നു
കടലിൽ തിരകൾ ചാഞ്ചാട്ടം
തെങ്ങുകൾ ഊഞ്ഞാൽ കെട്ടുന്നു
പാൽക്കുടം എത്ര തുളുമ്പുന്നു
നൃത്തച്ചുവടുകൾ വയ്ക്കുന്നു.

,
ഷാരോൺ മരിയ ജോജി
IX A

# മഴനൂൽക്കിനാവുകൾ

മധുരമീ പുതുമഴ പുലരിയെ പുൽകുന്ന
പൂമഴ തേൻമഴ കുളിർമഴയായി .
കുനുകുനെയുതിരുന്ന തൂമഴത്തുള്ളികൾ
തളിരിലും പൂവിലും മുത്തമിട്ടു.
പൊള്ളുന്ന രാവിന്റെ നെറുകയിൽ ചിതറുന്ന
കുളിർമഴ മുത്തുകൾക്കെന്തു ഭംഗി .
തൈമണിക്കാറ്റിന്റെയൊപ്പമീപ്പൂക്കുന്ന
താഴ്‌വരത്തോപ്പിലും കുളിർ ചൊരിഞ്ഞു .
പുഴ തന്റെ മരവിച്ച കൈകളാൽ പുണരവേ
പുളകമായ് പുഴ വന്നു മനമറിഞ്ഞു.
മഴയെന്റെ താളമായ് ഹൃത്തിലും
മുഗ്ധമായ് പൊഴിയുന്ന
കവിതയായ് പെയ്തിറങ്ങി .



ഐഡൻ അഭിലാഷ്
VII A

# ജീവിത പുണ്യം

ളമയെഴും അരവിന്ദാരവദനത്താൽ
ധാത്രിതൻ മടിത്തട്ടിൽ മയങ്ങും
പൈതലായി മാറുവാൻ കൊതിപ്പൂ ഞാനിന്നും .
കളങ്കമേൽക്കാത്ത മനതാരിനുള്ളിൽ
സ്നേഹം നിറയുന്ന പുണ്യകാലം.
പിച്ച വെച്ചപ്പോൾ 'മ്മ' എന്ന് കൊഞ്ചി വിളിച്ചപ്പോൾ
താരകശോഭയാർന്നമ്മതൻ കൺകൾ.
അച്ഛൻ കൊണ്ട വെയിലാണ് മക്കൾ തൻ
തണലെന്ന വാക്കുകൾ വീണ്ടും സ്മരിക്കെ
കരുതലായി മാറിയോരാമുഖമിന്ന് പൂർണ്ണചന്ദ്രനായി മാറിടുന്നു.
ഈ മർത്യജന്മത്തിൻ ഭാരവും പേറി
മുന്നോട്ടു മുന്നോട്ടു സഞ്ചരിച്ചിടവേ
ജീവിതയാത്രയിൽ പ്രകാശമായെൻ
ജന്മ ദാതാക്കളാം വഴിവിളക്കുകൾ .
വർണ്ണിക്കുവാനാകില്ലവർ തൻ കനിവുകൾ
മറക്കുവാനാകില്ലവർ തൻ മുഖങ്ങൾ.
ചുളിവുകൾ വീണൊരാ ദേഹവും
സ്നേഹത്താൽ തുടിക്കുമീ ചിത്തവും
എന്നെ സനാഥയാക്കുന്ന സുകൃതം.

ജിജി ജോർജ്
HST മലയാളം




എഡ്വിൻ സുനിൽ
VIII A





ആദിത്യൻ സതീഷ
VIII B



ഐവിൻ ബിജു
VIII B



ആദിത്യകൃഷ്ണ പി.ജി
VIII A



സൂരജ് ഷിബു
VIII B



ലിറ്റിൽ കൈറ്റ്സ് VIII B

# ജൈവവൈവിധ്യം

ഭൂമിയിൽ ജീവിക്കുന്ന എല്ലാ ജീവജാലങ്ങളും അതിന്റെ ആവാസവ്യവസ്ഥകളുമാണ് ജൈവവൈവിധ്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. വാൾട്ടർ. ജി. റോസൻ എന്ന ബ്രിട്ടീഷുകാരനാണ് ഈ പദം ആദ്യമായി ഉപയോഗിച്ചത്. നമ്മുടെ ജീവിതത്തിൽ ആവശ്യമായ എല്ലാ പദാർത്ഥങ്ങളും നൽകുന്നതിൽ ജൈവവൈവിധ്യത്തിന് പങ്കുണ്ട്. മണ്ണിന്റെ നിർമ്മാണത്തിലും, പ്രളയം നിയന്ത്രിക്കുന്നതിലും, ഭക്ഷണത്തിനും, നിർമ്മാണ വസ്തുക്കൾ നിർമ്മിക്കുന്നതിനും ജൈവവൈവിധ്യം ഒരു വലിയ പങ്കുവഹിക്കുന്നുണ്ട്. ക്രിയാത്മകമായ സേവനങ്ങളും നമുക്ക് ഇതിലൂടെ ലഭിക്കുന്നു.

മനുഷ്യന്റെ അശാസ്ത്രീയമായ പ്രവർത്തനങ്ങൾ ജൈവവൈവിധ്യത്തിന് പല നഷ്ടങ്ങൾക്കും കാരണമാകുന്നു. ഒരുകാലത്ത് നമ്മുടെ നാട്ടിൽ കണ്ടുവന്നിരുന്ന പല ജീവജാലങ്ങളും സസ്യജാലങ്ങളും ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. കാടുവെട്ടി നശിപ്പിക്കുന്നതിലൂടെ, വയലുകൾ നികത്തുന്നതിലൂടെ പല ജീവജാലങ്ങൾ നശിക്കുന്നു. അവയുടെ ആവാസവ്യവസ്ഥയാണ് മനുഷ്യർ നശിപ്പിക്കുന്നത്. കൃഷിക്ക് രാസവസ്തുക്കൾ ഉപയോഗിക്കുന്നതിലൂടെ വളരെ ജീവജാലങ്ങൾ നശിക്കുന്നുണ്ട്. റെയ്ച്ചൽ കാർസൺ എന്ന അമേരിക്കൻ വനിത രചിച്ച സൈലൻറ് സ്പ്രിംഗ് അഥവാ നിശബ്ദ വസന്തം എന്ന പുസ്തകത്തിൽ ഡി.ഡി.റ്റി പോലുള്ള രാസ കീടനാശിനികൾ ഉപയോഗിച്ചത് കാരണം വരുന്ന അപകടങ്ങളെക്കുറിച്ച് വിവരിക്കുന്നു.

ജൈവവൈവിധ്യം സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ് ഏറ്റവും ആദ്യം വേണ്ടത് ബോധവൽക്കരണമാണ്. ഐ.യു.സി.എൻ. എന്ന സംഘടന പരിസ്ഥിതി സംരക്ഷണത്തിന് വേണ്ടി പ്രവർത്തിക്കുന്നു. ഈ സംഘടനയുടെ കീഴിൽ റെഡ് ഡേറ്റ ബുക്ക് എന്ന വംശനാശം സംഭവിക്കാൻ പോകുന്നതും വംശനാശഭീഷണി നേരിടുന്നതുമായ ജീവജാലങ്ങളുടെ പട്ടിക ഓരോ വർഷവും തയ്യാറാക്കുന്നുണ്ട്. ഇവയ്ക്കു വേണ്ടിയുള്ള സംരക്ഷണ പദ്ധതികൾ തയ്യാറാക്കുന്നുണ്ട്.

നമുക്ക് വേണ്ടത് എല്ലാം തന്ന് നമ്മെ പരിപാലിക്കുന്ന ഭൂമിയെ കാത്തുസൂക്ഷിക്കാൻ നമുക്ക് ഓരോരുത്തർക്കും കടമയുണ്ട്. അതിലെ വൈവിധ്യങ്ങളായ ജീവജാലങ്ങളും പ്രദേശങ്ങളും സംരക്ഷിക്കാൻ മനുഷ്യന് കടമയുണ്ട്. ജൈവവൈവിധ്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ നമുക്കും സമൂഹത്തിനും സാധിക്കണം. ജൈവവൈവിധ്യ സംരക്ഷണ പദ്ധതികളിൽ എല്ലാവരും പങ്കെടുക്കണം. അതിലൂടെ ഈ ഭൂമിയെ കാത്തു സംരക്ഷിക്കാൻ നമുക്ക് കഴിയണം.

നമിത് ജോഷി
VIII A

# ഡീപ് ഫെയ്ക്ക്

നിർമ്മിത ബുദ്ധിയിൽ സൃഷ്ടിക്കുന്ന വ്യാജ ചിത്രങ്ങളും വീഡിയോകളും ഓഡിയോകളുമാണ് ഡീപ് ഫേക്ക്സ്.നിർമ്മിത ബുദ്ധിയുടെ ഭാഗമായ ഡീപ് ലേണിങ് ഡിജിറ്റൽ സാങ്കേതികവിദ്യയാണ് ഇതിനായി ഉപയോഗിക്കുന്നത്. ഇവയെല്ലാം വ്യാജസൃഷ്ടികളാണ് .നടക്കാത്ത സംഭവങ്ങൾ, ഒരിക്കലും ആരും ചെയ്തിട്ടില്ലാത്ത കാര്യങ്ങൾ തുടങ്ങിയവ നടന്നുവെന്ന് വിശ്വസിപ്പിക്കുന്ന രീതിയിൽ അവതരിപ്പിക്കുവാൻ ഇതിന് കഴിയും .വോയിസ് ക്ലോണിങ്ങും ഫോട്ടോ മോർഫിങ്ങും ഒക്കെ ഇപ്പോൾ ഡീപ് ഫെയ്ക്ക് വീഡിയോകൾക്കായി ഉപയോഗിക്കാറുണ്ട്.ഇവ ഇപ്പോൾ തട്ടിപ്പുകൾക്കായി വ്യാപകമായി ഉപയോഗിക്കുന്നു. പലപ്പോഴും ഒരാളുടെ സമ്മതമില്ലാതെയാണ് ഇവ നിർമ്മിക്കുന്നത് .ഇതുമൂലം അയാളുടെ സ്വകാര്യത നഷ്ടമാകും.ഫോട്ടോ മാനിപുലേഷൻ എന്നാണ് ഇത് അറിയപ്പെടുന്നത്. മനുഷ്യനെപ്പോലെ ബുദ്ധിയുള്ള യന്ത്രങ്ങൾ നിർമ്മിക്കുന്ന കമ്പ്യൂട്ടർ സയൻസിന്റെ പഠനശാഖയാണ് നിർമിത ബുദ്ധി അഥവാ ആർട്ടിഫിഷൽ . ഡീപ് ഫെയ്ക്കുകൾ നിർമ്മിക്കാൻ സഹായിക്കുന്ന അടിസ്ഥാന സാങ്കേതികവിദ്യയാണ് മോർഫിംഗ്. ഒരു ചിത്രത്തെയോ ഫോട്ടോയോ വളരെ സ്വാഭാവികമായി മറ്റൊരു ഫോട്ടോയെ ചിത്രവുമായി മാറ്റുന്നതാണ് ഈ വിദ്യ. സിനിമ ,വിദ്യാഭ്യാസം, വാർത്ത വിനിമയം, വീഡിയോ ഗെയിമുകൾ, വിനോദം, സമൂഹമാധ്യമം, ആരോഗ്യം ,ബിസിനസ്, ഇ-കൊമേഴ്സ്, ഫാഷൻ എന്നിങ്ങനെ വിവിധ മേഖലകളിൽ സാങ്കേതികവിദ്യ ഉപയോഗിക്കുന്നു. ഇങ്ങനെ ധാരാളം ഉപയോഗങ്ങൾ കൂടി ഡിപ്ലെയ്ക്കിനുണ്ട്.നമുക്ക് ഇവയെ ഭാവിയുടെ നന്മയ്ക്കായി ഉപയോഗിക്കാം.

ജോയൽ ജൂബി IX A

# കുസൃതിചോദ്യങ്ങൾ

1)മുഴുവൻ വെള്ളമുള്ള അക്ഷരം ഏത്?

2)സ്ത്രീകളെ മാത്രം വിളിക്കാൻ ഉപയോഗിക്കുന്ന അക്ഷരം ഏത്?

3)കാണാൻ കഴിയുന്ന അക്ഷരം ഏത്?

4)ഒരു താക്കോൽ പഴുതിലൂടെ അകത്തേക്ക് വരുന്നത് എന്ത് ?

5)പറക്കുന്ന വെണ്ണ എന്ത് ?

6)വളരും തോറും പേരുമാറുന്ന ഫലം ഏത്?

7)അടിക്കാൻ പറ്റാത്ത മണി ?

8)റാറ്റ്നെ പിടിക്കാത്ത ക്യാറ്റ് ?

9)ചിത്രം കാണിക്കാൻ കഴിവുള്ള നാവ് ഏത്?

10)ലോകത്തിലെ ഏറ്റവും വലിയ പശു?

11)ഏറ്റവും കൂടുതൽ അമ്മമാർ ഉള്ള സ്ഥലം ഏതാണ്

## ഉത്തരം

1)സി
2)ഡി
3)ഐ
4)താക്കോൽ
5)ബട്ടർഫ്ലൈ
6)തേങ്ങ
7)നെന്മണി
8)കിറ്റ് ക്യാറ്റ്
9)കിനാവ്
10)മോസ്കോ
11)തായ്ലൻഡ് (തായ്- അമ്മ )

ജിത്തു ജോസഫ് മാത്യു
IX A

1)മുറ്റത്തൊരു കാള കയറിൽ കുരങ്ങിക്കിടക്കുന്നു

2)മൂത്തവൻ മുമ്പേ ഇളയവൻ പിമ്പേ

3)രണ്ടെണ്ണം ഒരു കുപ്പിയിൽ

4)മുറ്റത്തതാ നിൽക്കുന്ന ഒരു കൊച്ചു ചാരം

5)രണ്ടു പറമ്പ് അടിക്കാൻ ഒരു ചൂല്

6)വള്ളി വള്ളി ആയിരം വള്ളി ആദ്യം കറുത്തിട്ട് പിന്നെ വെളുത്തിട്ട്

7)വെളുവെളുത്തൊരു പലഹാരം അതിനുള്ളിൽ 'മധുരകള്ള്

8)വെളുത്ത സായിപ്പിനു കറുത്ത തൊപ്പി

## ഉത്തരം

1)മത്തങ്ങ
2)തേങ്ങ
3)മുട്ട
4)കുമ്പളങ്ങ
5)മുളം കൂട്ടം
6)തലമുടി
7)തേങ്ങ
8)തീപ്പെട്ടി കൊള്ളി

ജിത്തു ജോസഫ് മാത്യു
IX A

# ബാക്ടീരിയ

ബാക്ടീരിയ എന്ന് കേൾക്കുമ്പോൾ പലരുടെയും മനസ്സിൽ ഓടിയെത്തുക രോഗം പരത്തുന്ന ഇത്തിരി കുഞ്ഞന്മാരെയാണ് .എന്നാൽ മനുഷ്യ ശരീരത്തിലെ കോശങ്ങളുടെ എണ്ണത്തേക്കാൾ കൂടുതൽ ബാക്ടീരിയ മനുഷ്യ ശരീരത്തിലെ പല ഭാഗങ്ങളിലായി സുഖമായി കഴിയുന്നുണ്ട്! സൂക്ഷ്മജീവികളെ കുറിച്ച് പഠിക്കുന്ന ജീവശാസ്ത്ര ശാഖയാണ് മൈക്രോബയോളജി. മൈക്രോളജിയുടെ കീഴിൽ വരുന്ന മറ്റൊരു ശാസ്ത്ര ശാഖയാണ് ബാക്ടീരിയോളജി .1676 -ൽ ആന്റണി ലീവൻ ഹോക്ക് എന്ന ഡച്ച് മൈക്രോബയോളജിസ്റ്റ് ഒരു മൈക്രോസ്കോപ്പ് നിർമ്മിച്ചു. അതിലൂടെ അദ്ദേഹം സൂക്ഷ്മജീവികളെ നിരീക്ഷിച്ചു. ഏകകോശ ജീവികളായ ബാക്ടീരിയയെ മൈക്രോസ്കോപ്പിലൂടെ നോക്കുമ്പോൾ മൂന്ന് വ്യക്തമായ രൂപങ്ങളിൽ കാണാം .ഉരുണ്ടു നീണ്ട രൂപമുള്ള ബാക്ടീരിയ ബാസിലൈ എന്ന് അറിയപ്പെടുന്നു. ഉരുണ്ട ഗോളാകൃതിയിലുള്ള ബാക്ടീരിയായ്ക്ക് കോക്ക്സൈ എന്നാണ് പേര്.  സ്പ്രിംഗ് പോലെ വളഞ്ഞുപുളഞ്ഞുള്ള ബാക്ടീരിയയാണ് സ്പൈറില്ല .എല്ലാറ്റിലും നിരവധി ഉപവിഭാഗങ്ങളുമുണ്ട്. മറ്റു ജീവജാലങ്ങളെ പോലെ ബാക്ടീരിയയ്ക്കും നിലനിൽക്കാൻ പോഷകങ്ങൾ ആവശ്യമുണ്ട്. കാർബൺ, ഹൈഡ്രജൻ ,നൈട്രജൻ, സൾഫർ ,ഫോസ്ഫറസ് ,സോഡിയം , കാൽസ്യം, മഗ്നീഷ്യം തുടങ്ങിയ മൂലകങ്ങളാണ് ബാക്ടീരിയയുടെ നിലനിൽപ്പിന് അത്യാവശ്യം .കൊടുമഞ്ഞിലും കനത്ത ചൂടിലും മാത്രമല്ല ആസിഡിന് അകത്തും റേഡിയോ ആക്ടീവ് അവശിഷ്ടങ്ങൾക്കിടയിലും എല്ലാം ബാക്ടീരിയ സുഖമായി കഴിയുന്നുണ്ട്.ഇന്ന് ലോകം അനുഭവിക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് മാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കാൻ കഴിയാത്തത് .ആണവ മാലിന്യങ്ങൾ, പ്ലാസ്റ്റിക്, ലോഹങ്ങൾ ,ഫാക്ടറികളിൽ നിന്ന് പുറന്തള്ളുന്ന ജലം, രാസവസ്തുക്കൾ തുടങ്ങിയ മാലിന്യങ്ങൾ ആണ് പല രാജ്യങ്ങളുടെയും തലവേദന കൂട്ടുന്നത് ,ബാക്ടീരിയ അടക്കമുള്ള സൂക്ഷ്മജീവികളെ ഉപയോഗിച്ച് ഇത്തരം മാലിന്യങ്ങൾ വിഘടിപ്പിച്ച് അതിലെ വിഷാംശം നീക്കം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ ഇന്ന് പല രാജ്യങ്ങളിലും നടക്കുന്നുണ്ട് .ജൈവപരിഹാരക്രിയാ അഥവാ ബിയോറെമിഡിയേഷൻ എന്നാണ് ഈ പുതിയ രീതിയുടെ പേര് .ഭൂമിയിൽ മാത്രമല്ല അങ്ങ് ബഹിരാകാശത്തും ബാക്ടീരിയയ്ക്ക് വലിയ പിടിപാടാണ്. ബഹിരാകാശ സഞ്ചാരികൾ ബഹിരാകാശത്ത് എത്തിച്ച പല ബാക്ടീരിയയും അവിടെ സുഖമായി കഴിയുന്നുണ്ട്.


അലക്സ് സിജോ
IX A

നന്ദി